62 nd Kerala School Kalolsavam, January 4 to 8, 2024, Kollam

**Item Code:** 956 **Participant Code:** 127

കവിതാരചന : HSS മലയാളം·

മരണത്തെ ബാക്കിവെക്കലാണ്!

ചത്തമീൻകണ്ണുപോലെ ലോകം
തുറന്നിരിക്കുമ്പോൾ
ഉറങ്ങിയിട്ടും ഉറങ്ങിയിട്ടും തീരാത്തൊരുറക്കം
എന്നെ പിടികൂടിയിരിക്കുന്നു·
ചോരയിലമർന്ന കൂരിരുട്ടിന്റെ കീറ്!·
മരണഗന്ധം വമിക്കുന്ന
ചിന്തകളുടഞ്ഞരഞ്ഞ പ്രഭാതം!
പിന്നിലേക്കെറിയപ്പെട്ട സന്ദർശകരുടെ
പൊക്കിൾക്കൊടിയിൽ
തലചേർത്തുവച്ച് ; സ്വന്തം പിതാവിന്റെ
കുഴിമാടം സ്വപ്നം കണ്ടുറങ്ങുന്നു·
തുടരാത്ത ചില തുടർച്ചകൾക്കൊടുവിൽ
ഓർമ്മയുടെ മോർച്ചറി
സ്വതന്ത്ര്യമാക്കപ്പെട്ടിരിക്കുന്നു·
ഇന്ന്, നിന്നെക്കുറിച്ച് മാത്രമായി
ചിലതെഴുതിയിടാൻ എനിക്ക് സാധിക്കുന്നില്ല·
കെട്ടിച്ചമയ്ക്കുന്ന അക്ഷരങ്ങളിൽ
ഒരജ്ഞാതവേശ്യയുടെ നിലവിളി

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

കുരുങ്ങിക്കിടക്കുന്നു.
ഭ്രാന്തിയായിരിക്കാനും മരിച്ചുപോകാനും
ബലമുണ്ടായിരുന്ന ഒരുവളിന്ന്,
തന്റെ കാലഹരണപ്പെട്ട ഹൃദയത്തിൽ
മറുപടിയെന്ന് കുറിച്ചിടുന്നു.
മരണമെന്ന് വായിച്ചുവച്ച അത പേനത്തണ്ട്
കവികളെയും ഓർമ്മയുടെ
മോർച്ചറിയിലേക്ക് എഴുതിതള്ളിയിട്ടു.
ഈ നിമിഷം ആൾക്കൂട്ടം പിരിഞ്ഞു
പോകാത്ത തെരുവായി താൻ
മാറിയിരിക്കുന്നു.
ഓരോ കവിതയെഴുതിക്കഴിയുമ്പോഴും
ആത്മഹത്യ ചെയ്യുന്ന കവികളുടെ
മൂടാത്ത കല്ലറകളുള്ള ശ്മശാനമുണ്ട്.
കനലൂതിയൂതി കരളിനെ കല്ലാക്കിയൊരുവളുടെ
അടുക്കള തഴമ്പുകൾ വിൽക്കപ്പെടുന്ന
മുറികളുണ്ട്:
ഒരുവളിൽ നിന്ന് ഒരുവളിലേക്കുള്ള
ദൂരം പോലെ ഒരു കടൽ മുഴുവൻ

കുറുക്കി, ഉപ്പുകല്ലായി ബാക്കിയാവുന്ന
പിടികാതിണ്ണകളുണ്ട്.
ഉരുണ്ടുപോകാതെ നീട്ടിയും
നീണ്ടുപോകാതെ ഉരുട്ടിയുമെടുത്ത
നിന്റെ വാക്കുകൾ അക്ഷരങ്ങളുടെ
ഖബർസ്ഥാനങ്ങൾക്ക്സാക്ഷിയായി മരിച്ചുവീഴുന്നു.
രണ്ടു തലമുറകളുടെ വലിയ
നദിക്കരയിൽ നിന്ന് മുങ്ങുവാൻ വേണ്ടി
മാത്രം പുറപ്പെടുന്ന തോണിയിൽ
കയറുമ്പോൾ വീഴാതിരിക്കാൻ അയാളുടെ
കൈ പിടിച്ചു'.
വരികൾക്കിടയിൽ വേദനകൾ
തിരുകിപ്പിടിപ്പിച്ചതുമൂലം തൊടാത്ത
പോയ ഉടവുകളും ഉലച്ചിലുകളും,
നിന്റെ ചുളിവുകൾ ഏറ്റുവാങ്ങാനിരിക്കുന്ന
എന്റെ തൊലി.
പരദേശികളെ അടച്ചിട്ട തടവുമുറികൾക്കു
മുന്നിൽ ഋതുക്കളുടെ പേരറിയാത്ത
യാത്രികർ മരിച്ചുവീഴുന്നു

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

മൃതശരീരങ്ങളിലിഴയുന്ന പുഴുക്കളെയും
അരുതായി തീരാനുള്ള ശലഭങ്ങളെയും
സ്വപ്നം കണ്ടുറങ്ങുന്നു
അകത്തും പുറത്തുമില്ലാതെ
ഒരു സൂചിക്കുഴയോളം വട്ടത്തിൽ
ആകാശവും കടലുമൊളിപ്പിച്ചവൾ
കണ്ടുമറന്ന മുഖങ്ങളെ അന്വേഷിച്ചെത്തിയ
തെരുവിൽ നിന്റെ മരണവാർത്ത
~~മരിച്ചു വീണിരിക്കുന്നു~~ മണ്ണോട് ചേർന്നിരിക്കുന്നു-
ആരും കാണാത്ത കടൽ ശേഖണി
പിടിച്ച വയറുന്തി കവിതയുടെ
കരയിലിരുന്ന് മണ്ണുവാരിത്തിന്നുന്നു.
തിരകൾക്കിടയിൽ നിന്ന് മരിച്ചുപോയ
വാഗ്ദാനങ്ങൾ ശ്വാസം മുട്ടുന്നു.